# അക്കാദമിക് മാസ്റ്റർ പ്ലാൻ

# പുത്തൂർ യു.പി സ്കൂൾ

## ഉള്ളടക്കം

1. സ്കൂൾ പ്രൊഫൈൽ ....... 5
2. വിദ്യാലയ ചരിത്രം ....... 6
3. എൽ.പി., യു.പി അധ്യാപകർ ....... 7
4. ലക്ഷ്യങ്ങൾ ....... 8
5. അവസ്ഥാ വിശകലനം - ഭൗതികം ....... 10
6. ആരോഗ്യകായിക വിദ്യാഭ്യാസം - പ്രശ്നങ്ങൾ ....... 11
7. ഉച്ചഭക്ഷണം, ശുചിത്വം, ആരോഗ്യം ....... 12
8. കലാ - സാംസ്കാരികം ....... 13
9. ഭൗതിക സാഹചര്യങ്ങൾ ....... 14
10. പി.ടി.എ ....... 15
11. 2022 - 23 നൂൺ മീൽ കമ്മിറ്റി ....... 16
12. എൽ.പി. ഭാഷ ....... 17
13. എൽ.പി. ഇംഗ്ലീഷ് ....... 18
14. എൽ.പി ഗണിതം ....... 19
15. എൽ.പി. പരിസരപഠനം ....... 19
16. അറബിക് ....... 20
17. യു.പി. ഗണിതം ....... 21
18. യു.പി. അടിസ്ഥാനശാസ്ത്രം ....... 23
19. യു.പി സാമൂഹ്യശാസ്ത്രം ....... 24
20. യു.പി. ഇംഗ്ലീഷ് ....... 26
21. യു.പി. മലയാളം ....... 28
22. സംസ്കൃതം ....... 29
23. ഉറുദു ....... 31
24. ഹിന്ദി ....... 33

# സ്കൂൾ പ്രൊഫൈൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | പുത്തൂർ യുപി സ്കൂൾ പുതിയങ്ങാടി |
| സ്കൂളിന്റെ കോഡ് | : | |
| ഫോൺ നമ്പർ | : | 0495239271 |
| ഇമെയിൽ | : | puthurup1965@gmail.com |
| വില്ലേജ് | : | എലത്തൂർ |
| ക്ലസ്റ്റർ | : | എരഞ്ഞിക്കൽ |
| പഞ്ചായത്ത് | : | കോഴിക്കോട് കോർപ്പറേഷൻ |
| ബ്ലോക്ക് | : | |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| വിദ്യാഭ്യാസ റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി ആർ സി | : | നടക്കാവ് |
| ഹെഡ്മാസ്റ്റർ | : | സതീഷ് കുമാർ എൻ |
| ഫോൺ നമ്പർ | : | 9446888951 |
| പി.ടി.എ പ്രസിഡണ്ട് | : | രൂപേഷ് കെ.വി |
| എം.പി.ടി.എ ചെയർ പേഴ്സൺ | : | സുമി |
| എസ്.എസ്.ജി. ചെയർമാൻ | : | പ്രകാശൻ |
| മാനേജർ | : | ജഗതി |

## വിദ്യാലയ ചരിത്രം

ബ്രിട്ടീഷ് ആധിപത്യത്തിലും നാട്ടുരാജാക്കന്മാരുടെ പിടിയിലും അകപ്പെട്ടു കഴിഞ്ഞിരുന്ന പഴയ മലബാറിൽ പെട്ട പാവണ്ടാട് പുത്തൂർ പ്രദേശത്ത് ജാതീയ അടിസ്ഥാനത്തിൽ വിദ്യാലയ പ്രവർത്തനത്തിന് പ്രചോദനം നൽകുന്നത് കണ്ട് സഹിക്കവയ്യാതെ വന്നപ്പോൾ പ്രദേശത്തെ ജനസമൂഹത്തിലെ നാനാജാതി മതത്തിൽപ്പെട്ട മക്കൾക്ക് തോളോട് തോളുരുമ്മി ഇരുന്നു പഠിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിന്നിരുന്ന ഒരു ജനസമൂഹത്തെ ഉന്നതിയിലേക്ക് എത്തിക്കാം എന്ന ലക്ഷ്യത്തോടെ അനുഗ്രഹീത ഹസ്തവുമായി 1923 ൽ കൊയിലോത്ത് പരിയങ്ങാട്ട് രാരിച്ചൻ മാസ്റ്റർ സ്ഥാപിച്ചതാണ് പുത്തൂർ യു പി സ്കൂൾ. അന്ന് അതിന്റെ പേര് പുത്തൂർ ഹിന്ദു ഹയർ എലിമെന്ററി സ്കൂൾ എന്നായിരുന്നു അന്ന് സമീപപ്രദേശങ്ങളിൽ എട്ടാം തരം വരെയുള്ള സ്കൂളുകൾ ഉണ്ടായിരുന്നില്ല. ദൂരെ ദിക്കിൽ ഉള്ള കുട്ടികൾ പോലും ഇവിടെ പഠിച്ചിരുന്നു വളരെ പ്രഗൽഭരായ പല അധ്യാപകരും ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1942ൽ രാരിച്ചൻ മാസ്റ്ററുടെ മരണശേഷം മകൻ കൊയിലോത്ത് പെരിയങ്ങാട്ട് ശങ്കരൻ മാസ്റ്റർ മാനേജരും പിന്നീട് ഹെഡ്മാസ്റ്ററായും ചുമതലയേറ്റു. ആരംഭ കാലം മുതൽ ഇന്നോവരെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഉന്നത നിലവാരം പുലർത്താൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. 1969ൽ ആരംഭിച്ച അധ്യാപക രക്ഷാകർതൃ സമിതിയും 1984 ആരംഭിച്ച മദർ പി.ടി.എ സ്കൂളിന്റെ എല്ലാവിധ പ്രവർത്തനത്തിനും സജീവമാണ്.

1977 ശങ്കരൻ മാസ്റ്ററുടെ മരണശേഷം ശ്രീമതി പരിയങ്ങാട്ട് അമ്മു അമ്മ സ്കൂളിന്റെ മാനേജരായി. പിന്നീട് അവരുടെ മക്കളായ പരിയങ്ങാട്ട് രാജ രത്നം പരിയങ്ങാട്ട് സുഭാഷ് പരിയങ്ങാട്ട് സുന്ദരൻ എന്നിവർ മാനേജരായി. ഇപ്പോൾ മകളായ ശ്രീമതി ജഗതി പി. മാനേജർ സ്ഥാനം വഹിക്കുന്നു.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതു വഴി മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്.അറിവിന് സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാ പാഠം പഠിപ്പിക്കുന്നത് ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീയവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന് വിദ്യാഭ്യാസ അവകാശനിയമം ( 2009 ) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ .

1. ഒന്നു മുതൽ ഏഴ് വരെ ഓരോ ക്ലാസിലെയും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്ന പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാവണം. കലാകായിക പ്രവർത്തി പരിചയത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കേണ്ടതുണ്ട്. സാമൂഹ്യരംഗത്തെ ധാരണ പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്ന് ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം.
2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും
3. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും
4. ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണം പരിപാടികൾ ആസൂത്രണം ചെയ്യും
5. ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും. ക്ലാസ് മുറികളിൽ ഐസിടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
6. കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
7. ഗവേഷണാത്മകപഠനത്തിനും ഗവേഷണാത്മക അധ്യാപനത്തിനും അവസരം ഒരുക്കും.
8. പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
9. പഠനം ആകർഷകവും സർഗാത്മകവും ആനന്ദവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കും സ്കൂൾ ലൈബ്രറികൾ ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും മ

ലിന്യനിർമാർജനം ഒരു സംസ്കാരമായി മാറ്റിയെടുക്കും.

10. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ തീർത്തും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
11. പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി വിമുക്ത, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും
12. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും
13. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും
14. വിദ്യാഭ്യാസത്തിൻറെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും
15. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും
16. കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും
17. സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തുകയും ചെയ്യും.
18. സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും സാമൂഹികവുമായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തും.
19. അറിവ് ആർജ്ജിക്കുന്നതിനോടൊപ്പം മതനിരപേക്ഷത ജനാധിപത്യബോധം തുല്യത സഹവർത്തിത്വം സഹകരണം അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് ആവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമാകുന്ന പഠനപ്രക്രിയകളും പഠനാന്തരീക്ഷവും ഉറപ്പുവരുത്തും
20. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠനത്തിനായി പ്രയോജനപ്പെടുത്തും
21. കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് ടാലൻറ് ലാബ് രൂപീകരിക്കുകയും അനുയോജ്യമായ പരിശീലനം നൽകുകയും ചെയ്യും
22. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുകയും ചെയ്യും
23. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠനത്തിനായി പ്രയോജനപ്പെടുത്തും
24. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുകയും ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുയും ചെയ്യും
25. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന നൽകും

# ആരോഗ്യ കായിക വിദ്യാഭ്യാസം പ്രശ്നങ്ങൾ

**അക്കാദമികം**

1. എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.
2. വൈവിധ്യമാർന്ന കായിക പ്രവർത്തനങ്ങളിൽ പരിശീലിപ്പിക്കുവാൻ വേണ്ടത്ര അധ്യാപകരില്ല.
3. കായികവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സമൂഹം പൂർണ്ണമായി തിരിച്ചറിയുന്നില്ല.
4. പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കായികവിദ്യാഭ്യാസത്തിൽ മുൻനിരയിൽ എത്തിക്കാൻ സാധിക്കും.
5. കായിക വിദ്യാഭ്യാസത്തിന്റെ പിരിയഡുകൾ കായികക്ഷമതാ പ്രവർത്തനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം.
6. നല്ല കായികതാരത്തെ വാർത്തെടുക്കാൻ ഓരോ കുട്ടിയ്ക്കും ആവശ്യമായ പോഷകാഹാരം ലഭിക്കേണ്ടതുണ്ട്.
7. ഓരോ കുട്ടിയുടെയും കായികമായ കഴിവുകൾ വളരെ ചെറിയ പ്രായത്തിൽ തന്നെ തിരിച്ചറിഞ്ഞ് അത് പോഷിപ്പിക്കുവാൻ സ്കൂൾ തലത്തിൽ തന്നെ ആരംഭിക്കണം.

**ഭൗതികം**

1. കായികപഠനത്തിന് നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ ആവശ്യമായ കളിസ്ഥലമില്ല.
2. വോളിബോൾ, ഫുട്ബോൾ എന്നീ കളികൾക്ക് അനുയോജ്യമായ കളിസ്ഥലം (ടർഫ് യ പുൽത്തകിടി) ഇല്ല
3. വിവിധ തരത്തിലുള്ള കായികപഠനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ ഇല്ല.
4. കുട്ടികൾക്ക് കായികപ്രവർത്തനത്തിലേർപ്പെടുന്നതിന് മുമ്പും ശേഷവും ശരീരം ശുചിയാക്കാനും വസ്ത്രം മാറാനും പ്രത്യേക മുറികളില്ല
5. എൽ.പി തലത്തിലും, യു.പി തലത്തിലും പ്രത്യേകം മത്സരം നടത്താൻ നിരപ്പായ കളിസ്ഥലം ഇല്ലാത്തതിനാൽ കായികാസത്തിനുള്ള കുട്ടികൾ മറ്റുള്ള കുട്ടികളുമായി മത്സരിക്കുമ്പോൾ പിന്തള്ളപ്പെടുന്നു.

**സാമൂഹികം**

1. വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും കായികവിദ്യാഭാസത്തിന്റെ പ്രാധാന്യം എത്തിക്കാനുള്ള സംവിധാനമില്ല.
2. അതാത് പ്രദേശത്തെ കായിക പ്രതിഭകളുമായി കൂടിക്കാഴ്ച നടത്താനും, അവരെ മാതൃകയാക്കാനും കാട്ടികൾക്ക് അവസരം ലഭിക്കുന്നില്ല.

# <u>ഉച്ചഭക്ഷണം, ശുചിത്വം, ആരോഗ്യം</u>

**ആമുഖം**

ആരോഗ്യം നമ്മുടെ സമ്പത്താണ്. ഇത് മുൻനിർത്തി കുട്ടികളിൽ ആരോഗ്യം നിലനിർത്തുന്നതിനും ശുചിത്വശീലങ്ങളുടെയും രീതികളുടെയും പങ്ക് നിസ്തുലമാണ്. ഇന്ന് നമ്മുടെ സമൂഹം **ജീവിതശൈലീ** രോഗങ്ങളുടെ പിടിയിലാണ്. കുട്ടികളിൽ നാം വലിയ ഇടപെടൽ നടത്തണം കാരണം ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരാണ്.

ഉച്ചഭക്ഷണപരിപാടി

വൃത്തിയുള്ള അടുക്കളയിൽ ഗ്യാസ് കണക്ഷൻ, ധാന്യങ്ങൾ സൂക്ഷിക്കാൻ പ്രത്യേക സംവിധാനം എന്നിവ ഉണ്ട് പി.ടി.എ സഹകരണത്തോടെ ഉച്ചഭക്ഷണ പരിപാടികൾ മെച്ചപ്പെടുത്താറുണ്ട്. പ്രൈമറി തലം മുതൽ 7ാം തരം വരെ എല്ലാവരും സ്കൂളിൽ നിന്ന് വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കുന്നു. ഭക്ഷണം പാകം ചെയ്യാൻ രണ്ടു പേരും മറ്റു കാര്യങ്ങളിൽ സഹായിക്കാൻ അധ്യാപകരും, പി.ടി.എ, എം.പി.ടി.എ എന്നിവരും ഉണ്ട്.

**ശുചിത്വം**

കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യത്തിന് ശുചിമുറികൾ ഉണ്ട്. വീട്ടിലെ ടോയ്‌ലറ്റുകൾ വൃത്തിയാക്കുന്നത് കുട്ടികളെ ശീലിപ്പിക്കുന്നില്ല, വെൻഡിംഗ് മെഷീൻ എന്നിവ ആവശ്യമാണ്.

# കലാ സാംസ്കാരികം

### ആമുഖം

ഇന്ന് പഠനത്തോടൊപ്പം തന്നെ കലാപഠനത്തിനും പ്രാധാന്യം കൊടുക്കണം. കലാപഠനം മറ്റുവിഷയങ്ങളുടെ പഠനത്തിനു സഹായിക്കും എന്ന് രക്ഷിതാക്കൾ തിരിച്ചറിയണം. കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന ബഹുമുഖ പ്രതിഭ കണ്ടെത്താൻ ഇന്ന് ഏറ്റവും കൂടുതൽ സാഹചര്യമുള്ളത് സ്കൂൾ വിദ്യാഭ്യാസ കാലത്താണ്. കലാകായികം പിരീയഡിൽ കുട്ടികളിൽ വേണ്ടത്ര തിരിച്ചറിയൽ നടക്കുന്നില്ല.

## കലാസാംസ്കാരികം -പ്രശ്നങ്ങൾ

### അക്കാദമികം

1) എല്ലാ കുട്ടികളിലും ഏതെങ്കിലും തരത്തിലുള്ള കഴിവുകൾ ഉണ്ടാവാം
2) പഞ്ചായത്ത് തലത്തിലും കോർപ്പറേഷൻ തലത്തിലും കുട്ടികൾക്കും, അധ്യാപകർക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുവാൻ അവസരം നൽകണം.

### ഭൗതികം

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ഥലം ലഭ്യമല്ല

### സാമൂഹികം

വിവിധ സാമൂഹികസംഘടനകളുടെ സഹായത്തോടെ സ്കൂളിലെ പ്രവർത്തനം ഏകോപിപ്പിക്കും.

# ഭൗതിക സാഹചര്യങ്ങൾ

**സ്കൂൾ അക്കാദമിക നിലവാരം** ഉയർത്തുന്നതിന് **ആവശ്യമായ സൗകര്യങ്ങൾ സ്കൂളിൽ** സജ്ജമാക്കേണ്ടതുണ്ട്.

1. ആരോഗ്യ -കായിക പരിപാലനത്തിനാവശ്യമായ കളിസ്ഥലം
2. മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്കാവശ്യമായ കളിസ്ഥലം
3. കുട്ടികൾക്ക് ക്ലാസിൽ സൗകര്യപ്രദമായ ഇരിപ്പിടങ്ങൾ
4. കണ്ടും കേട്ടും തൊട്ടറിഞ്ഞും പാഠഭാഗങ്ങൾ ഒരു പുതിയ അനുഭവമാക്കൽ - Digital Class Room
5. പഠന സംബന്ധമായ സാമഗ്രികൾ സൂക്ഷിക്കുവാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സംവിധാനം
6. ഓരോ കുട്ടികൾക്കും സ്വന്തമായി ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ കമ്പ്യൂട്ടറുകൾ
7. സ്കൂൾ ആഘോഷങ്ങൾ വിപുലമായി കൊണ്ടാടാൻ ഉതകുന്ന ഓഡിറ്റോറിയം
8. ശുചിത്വം ഉറപ്പാക്കുന്ന ശൗചാലയങ്ങൾ വേണ്ടത്ര
9. പെൺകുട്ടികൾക്കായി pad vending and disposing machines
10. സ്കൂളും പരിസരവും ശുചിയായി സൂക്ഷിക്കുവാനും പരിപാലിക്കുവാനും ഉതകുന്ന ഉപകരണങ്ങൾ
11. വിശ്രമവേളകൾ ആനന്ദകരമാക്കാൻ തണൽമരങ്ങൾ
12. കലാ -കായിക അധ്യാപകർ

# L.P ഭാഷ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വായന, ലേഖനം | 'ഞാം"<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | ഉദ്ഘാടനം<br>സെപ്തംബർ | അധ്യാപകർ | പി.ടി.എ |
| 2. | കഥകൾ ശ്രവിക്കുന്നതിന് | കഥയരങ്ങ്<br>കർക്കിടക മാസത്തിൽ ഓരോ ദിവസവും ഓരോ കഥ വീതം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു | ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ | |
| 3. | ലേഖനം | കൈയെഴുത്തുമാസിക<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നു. | സെപ്തംബർ<br>ഡിസംബർ<br>മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| 4. | ലേഖനം<br>സംഖ്യാബോധം<br>സങ്കലനം<br>വ്യവകലനം | ചങ്ങാതി<br>അവധിക്കാല പ്രവർത്തനരേഖ | മാർച്ച് | അധ്യാപകർ | പി.ടി.എ |
| 5. | വായന | ക്ലാസ് ലൈബ്രറി<br>വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങിയ ക്ലാസ് ലൈബ്രറി | സെപ്തംബർ | | പി.ടി.എ |

## L.P ENGLISH

| | | Activity | Period | Charge | Finance |
|---|---|---|---|---|---|
| 1 | Reading | English Corner<br>Setting a class library with English books | October | Teachers<br>MPTA | |
| 1 | Writting | Magazines<br>Product of learners<br><br>English Assembly<br>English Drama<br>English Fest | January<br><br><br>Monthly<br>Novermber | Teachers<br><br>Teachers<br>PTA, MPTA<br>Teachers | |

## L.P Maths

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ചതുഷ്ക്രിയകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) | ഗണിത ക്വിസ്<br>ഗണിതശിൽപശാല<br>ഗണിതമൂല<br>ഗണിത മാഗസിൻ<br>ഗണിത മേള | ജൂലൈ, നവംബർ<br>മാർച്ച്<br>ജനുവരി<br>ഫെബ്രുവരി | അധ്യാപകർ<br>PTA, MPTA<br>SSG | PTA |

## L.P EVS

| | | | | | |
|---|---|---|---|---|---|
| 1. | ബോധവത്കരണക്ലാസ് | മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവത്കരണക്ലാസ് | ജൂലൈ | അധ്യാപകർ | |
| 2. | കായികം | വ്യായാമപരിശീലനം | എല്ലാ വെള്ളിയാഴ്ച | അധ്യാപകർ | |
| 3. | ബോധവത്കരണ പരിപാടി | റോഡ്സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രവർത്തനങ്ങൾ | ജനുവരി | അധ്യാപകർ | |
| 4. | നിരീക്ഷണം | ഫീൽഡ് ട്രിപ്പ്<br>വിനോദയാത്ര | ഡിസംബർ<br>ജനുവരി | അധ്യാപകർ<br>അധ്യാപകർ | |

# ARABIC

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അറബിക് വായന | അറബിക് ഗ്രന്ഥശാല കുട്ടികളുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് അറബി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് അറബി ഗ്രന്ഥശാല ഒരുക്കും | ജൂലൈ മാർച്ച് | അറബി അധ്യാപകൻ | |
| 2. | അറബി ക്ലാസ് | വിദ്യാലയത്തിലെ അറബിഭാഷാപ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മ ആയി അറബി ക്ലബ് രൂപീകരിക്കും | ആഗസ്റ്റ് സെപ്തംബർ മാർച്ച് | | |
| 3. | അറബി എഴുത്ത് | കോപ്പി ബുക്ക് അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും | ജൂലൈ മാർച്ച് | | |

# U.P ഗണിതം

## വിഷയം : സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.<br>എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ സ്വായത്തമാക്കൽ | ടെസ്റ്റ് നടത്തി ചതുഷ്ക്രിയകൾ പ്രയാസമായ കുട്ടികളെ തെരഞ്ഞെടുത്തു. | ജൂൺ | ഗണിതാധ്യാപകർ | | |
| | | അവരെ തരം തിരിക്കൽ, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം - മുഴുവൻ ആവശ്യമായവർക്ക് ലളിതമായവർക്ക് ഷീറ്റുകൾ തയ്യാറാക്കി ദിവസം ഒന്ന് എന്ന ക്രമത്തിൽ കുട്ടികൾക്ക് നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം റിവൈസ് നടത്തുന്നു. | ജൂലൈ 29 | ഗണിതാധ്യാപകർ, പിയർ ഗ്രൂപ്പ് | പി.ടി.എ | |
| | | വീണ്ടും ടെസ്റ്റ് നടത്തുന്നു. ശേഷികൾ ഇനിയും പ്രാപ്തമാക്കാത്ത കുട്ടികളെ പ്രത്യേകം ക്ലാസ് നൽകുന്നു. (രാവിലെ 9 മണി മുതൽ 10 മണി വരെ). അതിനായി ഗണിതാധ്യാപകർ പ്രത്യേകമൊഡ്യൂൾ തയ്യാറാക്കുന്നു. വർക്ക് ഷീറ്റുകൾ, കാർഡുകൾ എന്നിവ തയ്യാറാക്കി നൽകുന്നു. | ആഗസ്റ്റ്<br><br>ആഗസ്റ്റ്<br>സെപ്തംബർ<br>നവംബർ<br>ഡിസംബർ | ഗണിതഗ്രൂപ്പ്<br><br>ഗണിതാധ്യാപകർ | | VI, VII ക്ലാസുകളിൽ ദശാംശം, ഭിന്നസംഖ്യ തുടങ്ങിയ കൂടി ഉൾപ്പെടുത്തി കാർഡുകൾ തയ്യാറാക്കുന്നു. |
| 2 | ഗണിതത്തിൽ താത്പര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ മാസവും ഓരോ പ്രവർത്തനങ്ങൾ<br>ജൂൺ - ക്ലബ്ബ് രൂപീകരണം<br>ജൂൺ ക്വിസ് മത്സരം<br>ജൂലൈ - ജ്യാമെട്രിക്കൽ പാറ്റേൺ മത്സരം<br>ആഗസ്റ്റ് - ഗണിത സെമിനാർ | 1 Years | ഗണിതഗ്രൂപ്പ് | PTA | |

| | | | | | | |
|---|---|---|---|---|---|---|
| | | സെപ്തംബർ - ഗണിത പതിപ്പ് തയ്യാറാക്കൽ<br>നവംബർ - പസിലുകളും ഗെയിമുകളും നടത്തൽ<br>ഗണിതമേളയിലേക്ക് കുട്ടികളെ ഒരുക്കൽ<br>ഡിസംബർ - ഗണിതലാബിലേക്ക് മുന്നൊരുക്കങ്ങൾ | | | | |
| 3 | ഗണിതത്തിൽ താത്പര്യം ജനിപ്പിക്കൽ - ആവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കൽ | ഗണിത പഠനോപകരണ ശിൽപശാല സംഘടിപ്പിക്കൽ<br><br>ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ആവശ്യമാ പഠനോപകരണങ്ങൾ തയ്യാറാക്കൽ<br><br>ഗണിതമേള | ഒക്ടോബർ 28<br><br>ഫെബ്രുവരി 28 | U.R.C<br>Club members<br>Staff S.S.K | PTA | |
| 3 | ഗണിതലാബ് സജ്ജീകരിക്കൽ | ഗണിതലാബിലേക്കാവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. അവ സംഘടിപ്പിച്ച് വിപുലീകരിച്ച ഗണിതലാബ് ഒരുക്കുന്നു | | മാനേജർ<br>സ്റ്റാഫ്<br>ഗണിതാധ്യാപകർ<br>ക്ലബ്ബ് അംഗങ്ങൾ | മാനേജർ<br>പി.ടി.എ<br>പൂർവ്വ<br>വിദ്യാർത്ഥികൾ<br>സന്നദ്ധസംഘടനകൾ | |

# യു പി അടിസ്ഥാനശാസ്ത്രം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | * പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>* സയൻസ് ലാബിന്റെ സഹായത്തോടെ കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടാൻ സഹായിക്കുന്നു. | * സയൻസ് ലാബ് ഉപയോഗം<br>* കുട്ടികൾക്ക് ചെയ്യാൻ സാധിക്കുന്ന ചെറിയ ചെറിയ പരീക്ഷണങ്ങൾ സയൻസ് ലാബിന്റെ സഹായത്തോടെ ഗ്രൂപ്പായി ചെയ്യുന്നു. | 2024-25 | * അധ്യാപകർ<br>* വിദ്യാർത്ഥികൾ | | |
| 2 | * സസ്യങ്ങളെക്കുറിച്ച് കൂടുതൽ അറിയാനും മനസ്സിലാക്കാനും | * ഫീൽഡ്ട്രിപ്പ്<br>* കണ്ടൽക്കാട് സന്ദർശനം<br>* വിവിധതരം ഇലകൾ ശേഖരിച്ച് ആൽബമുണ്ടാക്കൽ<br>* വിവിധതരം വിത്തുശേഖരണം | V -നവം - 18<br>VI-നവം - 19<br>VII- നവം- 20<br>ആഗസ്ത്-സെപ്തംബർ | * അധ്യാപകർ<br>* എം പി ടി എ<br>* വിദ്യാർത്ഥികൾ | | |
| | | * വിത്തുകൾ ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം<br>* വിത്തു മുളപ്പിക്കുന്ന പ്രവർത്തനം<br>* വിവിധയിനം പൂക്കളുടെ പ്രദർശനം<br>* പൂക്കളുടെ ഭാഗങ്ങളും ധർമ്മങ്ങളും പരിചയപ്പെടുത്തൽ | ആഗസ്ത് | | | |
| 3 | * ശാസ്ത്ര അഭിരുചി വളർത്തൽ | * സയൻസ് എക്സിബിഷൻ<br>* മൈക്രോസ്കോപ്പ് നിരീക്ഷണം<br>* വിവിധതരം ഊർജ്ജമാറ്റങ്ങൾ- നിരീക്ഷണം | ഫെബ്രുവരി<br>ജൂലൈ | * അധ്യാപകർ<br>* വിദ്യാർത്ഥികൾ<br>* എം പി ടി എ<br>* യു ആർ സി | | |
| 4 | * ശാസ്ത്രത്തോട് ആഭിമുഖ്യം വളർത്തൽ | * സയൻസ് ക്ലബ് രൂപീകരണം<br>* ക്ലാസ്തല പരീക്ഷണങ്ങൾ | ജൂൺ- 19 | * അധ്യാപകർ<br>* വിദ്യാർത്ഥികൾ<br>* പി ടി എ | | |
| | | * സയൻസ് ക്വിസ്<br>* സയൻസ് മാഗസിൻ<br>* പ്ലാനറ്റോറിയം സന്ദർശനം<br>* ശാസ്ത്രമേളയ്ക്ക് ഒരുക്കൽ<br>* പച്ചക്കറിത്തോട്ടം | | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | • കാലിഡോസ്കോപ്, പെരിസ്കോപ്പ് നിർമ്മാണം<br>• സോപ്പുനിർമ്മാണം<br>• ആസിഡ്, ആൽക്കലി തിരിച്ചറിയൽ<br>• മിറർ- ഉപയോഗം | ഒക്ടോബർ | എം പി ടി എ<br>അഭ്യുദയകാംക്ഷികൾ | | |
| 5 | • വിവിധ ആവാസവ്യവസ്ഥകൾ പരിചയപ്പെടൽ | • ഫീൽഡ് ട്രിപ്പ്<br>• കണ്ടൽക്കാട് സന്ദർശനം<br>• വിവിധതരം ആഹാരശൃംഖലകൾ പരിചയപ്പെടുത്തൽ | നവംബർ<br>ആഗസ്റ്റ് | അദ്ധ്യാപകർ<br>വിദ്യാർത്ഥികൾ | | |

# യു പി സാമൂഹ്യശാസ്ത്രം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രക്രിയ | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | • പരിസ്ഥിതി അവബോധം ജൈവവൈവിധ്യം | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വീഡിയോ പ്രദർശനം കണ്ടൽക്കാട് സന്ദർശനം, ഡിജിറ്റൽ ആൽബനിർമ്മാണം | ജൂൺ | ചുറ്റുപാടുമുള്ള പ്രദേശങ്ങൾ നിരീക്ഷിക്കാനും, അവ സംരക്ഷിക്കാനുമുള്ള ശേഷിനേടൽ പൗരാവകാശം | • എസ് എസ് • അധ്യാപകർ • വിദ്യാർത്ഥികൾ • പി ടി എ | | |
| 2 | • വിദ്യാർത്ഥികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | • വർച്ചൽ ഫീൽഡ് ട്രിപ്പ് ഐ സി ടി സാധ്യതകളുപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം, ചരിത്രാവബോധം വളർത്തൽ | ജൂൺ | ചുറ്റുപാടുമുള്ള പ്രദേശങ്ങൾ നിരീക്ഷിക്കാനും, അവ സംരക്ഷിക്കാനുമുള്ള ശേഷിനേടൽ പൗരാവകാശം | • സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 3 | •ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | ജൂലായ് | ജനാധിപത്യബോധം വളർത്തൽ | • സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 4 | • പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡിമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയു രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെബോധവാന്മാരാക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് | പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സജ്ജരാകൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 5 | സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച പണം ദുരന്തബാധിതപ്രദേശങ്ങളിലേക്ക് നൽകുന്നു. | ആഗസ്റ്റ് | സന്നദ്ധസേവനത്തിന് സജ്ജരാക്കൽ | പി ടി എ അംഗങ്ങൾ അധ്യാപകർ വിദ്യാർത്ഥികൾ | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രക്രിയ | നിർവഹണ ചുമതല | സാമ്പത്തികം | റിമ |
|---|---|---|---|---|---|---|---|
| 6 | വിദ്യാർത്ഥികളിൽ ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് | ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തൽ,വിവിധരാജ്യങ്ങളിലെ ഭരണസമ്പ്രദായത്തെക്കുറിച്ച് സി ഐ സി ടി പ്രയോജനപ്പെടുത്തി അറിവ് നൽകുന്നതിന് വീഡിയോ പ്രദർശനം ഭരണഘടനയുടെ വിവിധ അനുച്ഛേദങ്ങൾ, നിയമങ്ങൾ എന്നിവ അറിയൽ | സെപ്തംബർ | വിദ്യാർത്ഥികളിൽ ഉത്തമ പൗരബോധം സൃഷ്ടിക്കുക | എസ് എസ് അധ്യാപകർ പി ടി എ | | |
| 7 | വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും, കുറ്റകൃത്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും, രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങൾ എന്നിവയിൽ വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർസുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികളെയും രക്ഷിതാക്കളെയും, റോഡ് സുരക്ഷ, പോക്സോ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ<br>നവംബർ | ആധുനിക സാങ്കേതിക വിദ്യ, പുതിയ നൂറ്റാണ്ടിൽ കുട്ടികളെ സജ്ജരാക്കൽ | എസ് എസ് അധ്യാപകർ രക്ഷിതാക്കൾ പി ടി എ | | |

**UP ENGLISH**

PROGRAMME : Exposure to english Language
: To Promote and ex.....activities that help develop reading skills and exposure to Language

| No | OBJECTIVE | ACTIVITY | PROCESS | CHARGE | TIME | CLASS |
|---|---|---|---|---|---|---|
| 1 | Environment of Vocabulary based on the need of leaders(enriching vocabulary) | PRETEST | Conducting pretest(excaution/ Evaluation) planning activities | English Teacher ( S U B J E C T COUNCIL) | JUNE | 5,6,7 |
| | | A word a day (collection of new words)<br>My word dictionary | gi...... guidlines<br>usage of dictionary/glosary | group leaders | Each unit | |
| | | Word Chart ( Unit wise activities enriching Vocabulary)<br>Naming words, describing words, action words, antonyms, word webs , word games(Jumbled words) alphabetical order) | make use of unit wise activities along with extra Vocabulary activities. | Individual works | Monthly | |
| | Arranging Opportunities to listen language | English podcasts or .........(audio/Vedeo) | Arranging recorded radio news(ICT) | Subjcet Council | Monthly | 5,6,7 |
| | | English club activities | ensure clubs activities (compitions, speech etc) | Club members | Special days, Occassions | |
| | | Unit wise activities | presenting roleplays in (each init) | English teacher | Each unit | |

| No | OBJECTIVE | ACTIVITY | PROCESS | CHARGE | TIME |
|---|---|---|---|---|---|
| | To Develop reading and writing skills | Run baby run (Unitwise Gruop activities) | Giving small paragraphs in ~~graphs~~- memorize<br>Writing it on A4 sheet paper | English Teacher (SUBJECT COUNCIL) | Monthly |
| | | Setting reading nresourses Reading cards, story books | Collecting reading cards, story books | English teachers | Free periods |
| | To Develop writing skills | Alert Zone(English Club)<br>Unit wise activities<br>(Each Unit a story/Arranging stories in correct order) | Designing posters alert cards in class rooms, Play ground(Club activities)<br>Writing summery of poems, story | Subject council<br>Club members<br>English teachers | Occassions<br><br>Each unit |

# യു പി ഗണിതം

## വിഷയം : സ്കൂൾ ത പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ സ്വായത്തമാക്കൽ | ട്രൈഔട്ട്<br>ട്രൈഔട്ട് നടത്തി ചതുഷ്ക്രിയകൾ പ്രയാസമുള്ള കുട്ടികളെ തെരഞ്ഞെടുക്കൽ<br>കുട്ടികളെ തരം തിരിക്കൽ- സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയിൽ പ്രയാസമുള്ളവരെ തരംതിരിക്കൽ. ആവശ്യമായ ലളിതമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കി ദിവസം ഒന്ന് എന്ന ക്രമത്തിൽ കുട്ടികൾക്ക് നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം റിവൈസ് നടത്തുന്നു. (വ്യാഴാഴ്ച)<br>വീണ്ടും ട്രൈഔട്ട് നടത്തുന്നു. ശേഷി കൾ ഇനിയും സ്വായത്തമാക്കാത്ത കുട്ടികൾക്ക് പ്രത്യേകം ക്ലാസ് നൽകുന്നു. (രാവിലെ 9 മണി മുതൽ 10 മണി വരെ) | ജൂൺ<br>ജൂലൈ<br>ആഗസ്ത് | ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ പിയർ ഗ്രൂപ്പ്<br>ഗണിത അധ്യാപകർ | പിടിഎ | 6,7 ക്ലാസുകളിൽനിന്നും, ഭിന്നസംഖ്യ സങ്ങിയവകുട്ടി ഉൾപ്പെടുത്തി കാർഡുകൾ തയ്യാറാക്കുന്നു. |
| | | അതിനായി ഗണിതാധ്യാപകർ പ്രത്യേകമാന്വൽ തയ്യാറാക്കുന്നു. വർക്ക് ഷീറ്റുകൾ, കർഡുകൾ എന്നിവ തയ്യാറാക്കി നൽകുന്നു. | | | | |
| 2 | ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ മാസവും ഓരോ പ്രവർത്തനങ്ങൾ<br>ജൂൺ - ഗണിതക്ലബ്ബ് രൂപീകരണം<br>- ഗണിത ക്വിസ് മത്സരം<br>- ജ്യാമിതീയ പതിപ്പ് തയ്യാറാക്കൽ<br>ജൂലൈ - ജ്യോമട്രിക്കൽ പാറ്റേൺമത്സരം<br>- ജനസംഖ്യാദിനത്തോടനുബന്ധിച്ച് ജനസംഖ്യയുമായി ബന്ധപ്പെട്ട വിവിധരീതിയിലുള്ള പട്ടികപ്പെടുത്തൽ<br>ആഗസ്റ്റ് - സ്കൂൾ ഗണിത മേള<br>- സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്<br>പതാകനിർമ്മാണം- ഗണിത മാഗസിൻ തയ്യാറാക്കൽ- ക്ലാസ് തലം<br>സെപ്തംബർ- ഗണിത സെമിനാർ<br>പ്രശസ്ത ഭാരതീയ ഗണിതശാസ്ത്രജ്ഞൻ<br>ശ്രീനിവാസ രാമാനുജനെക്കുറിച്ച് സെമിനാർ തയ്യാറാക്കൽ<br>- സബ്ജില്ലാതലഗണിതമേളയ്ക്ക് | ഒരു വർഷം<br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ | ഗണിതഗ്രൂപ്പ്<br>ഗണിത ക്ലബ്ബ്<br>അംഗങ്ങൾ<br>വിദ്യാർത്ഥികൾ<br>വിദ്യാർത്ഥികൾ | പിടിഎ | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|---|
| | | കുട്ടികളെ ഒരുക്കൽ<br>ഒക്ടോബർ- ഗണിതമേളയ്ക്ക് കുട്ടികളെ ഒരുക്കൽ<br>- ഗണിത പതിപ്പ് തയ്യാറാക്കൽ<br>- പേപ്പർ ക്രാഫ്റ്റ്- വ്യത്യസ്ത നിറത്തിലുള്ള A4 ഷീറ്റ് ഉപയോഗിച്ച് ഭംഗിയുള്ള ക്യൂബ് നിർമ്മാണം.<br>- വ്യത്യസ്ത വലിപ്പത്തിലുള്ള വൃത്തങ്ങൾ ഉപയോഗിച്ചുള്ള ബോൾ നിർമ്മാണം<br>നവംബർ - ഗണിത ത്രെഡ്പാറ്റേൺ നിർമ്മാണം<br>- ഗണിത അസംബ്ലി<br>ഡിസംബർ - ഗണിതലാബിലേക്ക് പഠനോപകരണങ്ങൾ തയ്യാറാക്കൽ<br>- നാഷണൽ മാത്സ് ഡേ യോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ<br>- ഗണിത നിഘണ്ടു തയ്യാറാക്കൽ<br>ജനുവരി - ടാൻഗ്രാം ശിൽപശാല<br>ഫെബ്രുവരി- ഗണിതശിൽപശാല<br>- പസിൽ, ഗെയിം ശേഖരണം<br>മാർച്ച് - പഠനോത്സവത്തിനു ഒരുങ്ങൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ഗണിതാധ്യാപകർ<br>വിദ്യാർത്ഥികൾ<br>വിദ്യാർത്ഥികൾ<br>ഗണിതാധ്യാപകർ<br>വിദ്യാർത്ഥികൾ | പിടിഎ | |
| 3 | ഗണിതത്തിൽ താൽപര്യം ജനിപ്പിക്കൽ<br>ആവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കൽ | ഗണിത പഠനോപകരണ ശിൽപശാല സംഘടിപ്പിക്കൽ<br>ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ആവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കൽ<br>ഗണിതമേള | ഒക്ടോബർ<br>ഫെബ്രുവരി | യു ആർ സി<br>ക്ലബ്ബ് മെമ്പർമാർ<br>സ്റ്റാഫ്<br>എസ് എസ് കെ | പിടിഎ | |
| 4 | ഗണിതലാബ് പ്രവർത്തനങ്ങൾ | ഗണിത ലാബിലേക്കാവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>അവ സംഘടിപ്പിച്ച് വിപുലീകരിച്ച ഗണിതലാബ് ഒരുക്കുന്നു. | | മാനേജർ, സ്റ്റാഫ്, ഗണിതാധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ | മാനേജർ<br>പിടിഎ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സന്നദ്ധസംഘടനകൾ | |

# യു പി മലയാളം

## വിഷയം : സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയവികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | പിടിഎ | 6,7 ക്ലാസുകളിൽദശാംശം, ഭിന്നസംഖ്യ തുടങ്ങിയവകൂടി ഉൾപ്പെടുത്തി കാർഡുകൾ തയ്യാറാക്കുന്നു. |
| | | **ഭാഷാശേഷി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | | |
| | | **വാക്യങ്ങളിൽ നിന്ന് വാക്യങ്ങളിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ | | |
| 2 | പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുന്നതിന് | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണബുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | | |
| | | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി,പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | | |
| | സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരന്മാർ , എഴുത്തുകാർ , കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | രണ്ട് പ്രാവശ്യം (വർഷത്തിൽ) | പിടിഎ | | |
| | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിവിധ കലാകാരന്മാരെയും സാഹിക്യകാരന്മാരെയും പങ്കെടുപ്പിച്ച് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ സ്കൂൾ | | |

# യു പി സംസ്കൃതം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | മേഖല |
|---|---|---|---|
| 1 | അക്ഷരകാർഡ് , പദകാർഡ് എന്നിവയുടെ നിർമ്മാണം, അക്ഷരകേളി, ഭാഷാകേളി തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഭാഷാ താത്പര്യം വർദ്ധിപ്പിക്കൽ | ജൂൺ/ജൂലൈ | വായന |
| | രാമായണമാസത്തിൽ എല്ലാദിവസവും രാമായണകഥാഭാഗം കേൾപ്പിക്കൽ, "ഏകം ദിനം ഏകം വാക്യം " ദിവസവും പുതിയ വാക്കുകൾ പരിചയപ്പെടുത്തി കുട്ടികളിൽ ഭാഷാ താത്പര്യം ജനിപ്പിക്കൽ. | ജൂൺ/ജൂലൈ | വായന/ശ്രവണം |
| | സംസ്കൃതദിനത്തിൽ സംസ്കൃതം അസംബ്ലി, പ്രശ്നോത്തരി, ചിത്രരചന മത്സരം തുടങ്ങിയവ സംഘടിപ്പിക്കൽ | ഓഗസ്റ്റ് | വായന/ലേഖനം/ശ്രവണം |
| | സംസ്കൃത സിനിമകൾ ഡോക്യുമെന്ററി പ്രദർശനം (ഇത്തരം പ്രവർത്തനങ്ങളിലൂടെ സംഭാഷണ മികവ് വർദ്ധിപ്പിക്കുന്നു) | സെപ്റ്റംബർ | സംഭാഷണം |
| | "മമ സുന്ദരം ഭവനം "<br>വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണ സാധനങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് സംസ്കൃതത്തിൽ പേരെഴുതി പതിപ്പ് നിർമ്മാണം | ഒക്ടോബർ | ലേഖന, വാചനം |
| | നിഘണ്ടു നിർമ്മാണം<br>വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ പരിചയപ്പെട്ട പദങ്ങൾ ഉപയോഗിച്ചുള്ള നിഘണ്ടു നിർമ്മാണം | നവംബർ | ലേഖനം |
| | രചന ശില്പശാലകൾ<br>കഥ, കവിത, സംഭാഷണം തുടങ്ങിയ മേഖലകൾ ഉൾക്കൊള്ളിച്ചു കൊണ്ട് രചന ശിൽപശാലകൾ സംഘടിപ്പിക്കൽ | നവംബർ | ലേഖനം/വാചനം/ശ്രവണം |
| | സംഭാഷണം ശിബിരം<br>സംഭാഷണ ശേഷി വർദ്ധിപ്പിക്കാനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ<br>(വിശ്വസംസ്കൃത പ്രതിഷ്ഠാന്റെ ആളുകളുടെ നേതൃത്വത്തിൽ) | ജനുവരി | സംഭാഷണം |
| | സംസ്കൃതം ടൈപ്പിംഗ്<br>വിവിധതരത്തിലുള്ള ആപ്പുകളുടെ സഹായത്തോടെ സംസ്കൃതം ടൈപ്പിംഗ് പരിചയപ്പെടൽ | ഫെബ്രുവരി | ലേഖനം, വാചനം |
| | സംസ്കൃത മാഗസിൻ<br>വിവിധ ഘട്ടങ്ങളിലൂടെ കുട്ടികൾ സ്വായത്തമാക്കിയ അറിവുകൾ ഉപയോഗിച്ച് കഥ, കവിത, ഉപന്യാസം ,ചിത്രശേഖരണം തുടങ്ങിയവ ഉപയോഗിച്ചുകൊണ്ട് മാഗസിൻ രചന | മാർച്ച് | ലേഖനം |

# U.P അടിസ്ഥാന ശാസ്ത്രം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പരീക്ഷണങ്ങളിൽ ഏർപ്പെടുന്ന സയൻസ് ലാബിന്റെ അഭാവം കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടാൻ കഴിയാത്ത അവസ്ഥ | സയൻസ് ലാബ് വിപുലീകരണം - ലാബ് നിർമ്മാണം<br>കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന പരീക്ഷണ വിവരങ്ങൾ കൂട്ടമായി സമാഹരിക്കൽ | 2 Years<br>2022 - 2024 | School Managment<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>അഭ്യുദയകാംക്ഷികൾ | | |
| 2. | സസ്യങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും നേരിട്ടറിയാനും | ഫീൽഡ് ട്രിപ്പ് | നവംബർ<br>V- നവംബർ - 9<br>VI- നവംബർ - 10<br>VII- നവംബർ - 11 | സ്റ്റാഫ് -<br>എം.പി.ടി.എ | | |
| 3. | ശാസ്ത്രാഭിരുചി വളർത്തൽ | സയൻസ് എക്സിബിഷൻ | ഫെബ്രുവരി 28 | പി.ടി.എ<br>സ്റ്റാഫ്<br>യു.ആർ.സി | | |
| 4. | ശാസ്ത്രത്തോട് ആഭിമുഖ്യം | സയൻസ് ക്ലബ്ബ് രൂപീകരണം<br>സയൻസ് ക്വിസ്<br>മാഗസിൻ തയ്യാറാക്കൽ<br>പ്ലാനറ്റോറിയം സന്ദർശനം<br>പരീക്ഷണങ്ങൾ - ക്ലാസ്<br>പച്ചക്കറിത്തോട്ടം<br>ശാസ്ത്രമേളക്ക് ഒരുക്കൽ | ജൂൺ 10<br>ജൂലൈ 21<br>(സെപ്തംബർ - ജനുവരി)<br>ഒക്ടോബർ 20<br>നവംബർ 14<br>ജനുവരി - മാർച്ച്<br>നവംബർ - ഡിസംബർ | | | |

# U.P സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രക്രിയ | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | പരിസ്ഥിതി അവബോധം ജൈവവൈവിധ്യം | പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് ലഘുവീഡിയോപ്രദർശനം. കണ്ടൽക്കാട് സന്ദർശനം ഡിജിറ്റൽ ആൽബം നിർമ്മാണം | ജൂൺ 5 1 കൊല്ലം | ചുറ്റുപാടുമുള്ള പ്രദേശങ്ങൾ നിരീക്ഷിക്കാനും അവസംരക്ഷിക്കാനുമുള്ള ശേഷി നേടൽ പൗരാവബോധം | എസ്.എസ്. അധ്യാപകർ വിദ്യാർത്ഥികൾ പി.ടി.എ | പി.ടി.എ | |
| 2. | ചരിത്ര രചന രാജ്യസ്നേഹം ചരിത്രസംഭവങ്ങൾ ലളിതമായി അവതരണം | ചരിത്രസംഭവങ്ങൾ, സ്കിറ്റ് ചിത്രീകരണം. ചിത്ര കഥാ രൂപത്തിൽ മാറ്റാനുള്ള അവസരം നൽകുന്നു. ചിത്രകലാ വൈഭവമുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ഗ്രൂപ്പായി പ്രവർത്തനം നടത്തുന്നു. | ആഗസ്റ്റ് 11,12,13 | രാജ്യസ്നേഹമുള്ള പൗരന്മാരെ സൃഷ്ടിക്കൽ | എസ്.എസ്. ടീച്ചർ പി.ടി.എ | | |
| 3. | വിദ്യാർത്ഥികളിൽ ജനാധിപത്യ വ്യവസ്ഥയെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് | ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തൽ, വിവിധ രാജ്യങ്ങളിലെ ഭരണ സമ്പ്രദായത്തെ കുറിച്ച് (ഐ.സി.ടി പ്രയോജനപ്പെടുത്തി അറിവ് നൽകുന്നതിന് വീഡിയോ പ്രദർശനം) | ജൂലൈ 15 | വിദ്യാർത്ഥികളിൽ ഉത്തമ പൗരബോധം സൃഷ്ടിക്കുക | എസ് എസ് അധ്യാപകർ പിടിഎ സ്റ്റാഫ് | | |
| 4. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഗ്ലോബ്, മാപ്പ്, അറ്റ്ലസ് പരിചയപ്പെടുത്തൽ പുരാവസ്തു ശേഖരണം | ലാബ് സജ്ജീകരണം സാമൂഹ്യശാസ്ത്ര ലാബ്, വീട്ടിൽ ഒരു ലാബ്, മാപ്പ്, ഗ്ലോബ്, അറ്റ്ലസ്, ആർദ്രത മീറ്റർ തെർമോമീറ്റർ പരിചയപ്പെടൽ പുരാവസ്തു ശേഖരണം, നാണയങ്ങൾ, സ്റ്റാമ്പ്, മഴമാപിനി. ചരിത്ര പുസ്തകങ്ങൾ ശേഖരിച്ച് ലാബ് സജ്ജീകരിക്കൽ | ഒരു ആഴ്ച ഫെബ്രുവരി 28 | സഞ്ചാരമാർഗങ്ങൾ, വീഡിയോ പ്രദർശനം, മാപ്പ് ഉപയോഗിച്ച് സഞ്ചാര പാത കണ്ടെത്തൽ, വടക്കുനോക്കി യന്ത്രം ഉപയോഗിച്ച് ദിക്ക് തിരിച്ചറിയൽ | എസ് എസ് അധ്യാപകർ | പി.ടി.എ | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രക്രിയ | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 5. | സൗരയൂഥത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് അക്ഷാംശരേഖാംശ രേഖകൾ താപീയ മേഖലകൾ എന്നിവയെ കുറിച്ച് മനസ്സിലാക്കുന്നതിന് | സൗരയൂഥവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം ഗ്ലോബ് അറ്റ്ലസ് ഭൂപടങ്ങൾ ഐസിടി സാധ്യത പ്രയോജന പെടുത്തി ലളിതവത്കരിച്ച് പാഠഭാഗങ്ങൾ രസകരമായി അവതരണം റഫറൻസ് ഗ്രന്ഥങ്ങൾ | നവംബർ | ആകാശ കാഴ്ച (പ്ലാനറ്റോറിയം സന്ദർശനം) കുട്ടികളിൽ താല്പര്യമുണ്ടാക്കാൻ | എസ് എസ് അധ്യാപകർ | | |
| 6. | സോഷ്യൽ ലാബ് വിപുലീകരണം | അർത്ഥപൂർണ്ണമായ ഭൂപട വായന ക്രമീകരിക്കൽ മിക്സും പസിൽ തയ്യാറാക്കൽ ലോക്കൽ മാപ്പ് തയ്യാറാക്കൽ കേരളം ഇന്ത്യ ലോക ഭൂപടം പരിചയപ്പെടുന്നു ഐസിടിയിൽ പരിചയപ്പെടുത്താൻ | ദീർഘകാലം ഫെബ്രുവരി 28 സോഷ്യൽ മേള | വിവിധതരം പസിൽ ഉണ്ടാക്കി ക്ലാസ് റൂമിൽ ഗ്രൂപ്പിൽ കൈമാറുക | എസ് എസ് അധ്യാപകർ സ്റ്റാഫ് | | |
| 7. | നിയമവ്യവസ്ഥയെയും അവകാശങ്ങളെയും കുറിച്ചുള്ള അവബോധം | ട്രാഫിക് നിയമങ്ങൾ റോഡിൽ പാലിക്കപ്പെടേണ്ടതിന്റെ അനിവാര്യതയെ കുറിച്ച് കുട്ടികൾ ലഘുലേഖ വിതരണത്തിലൂടെയും പ്ലക്കാർഡുകളിലൂടെയും അവബോധം നൽകുന്നു | ഹ്രസ്വകാലം ജൂൺ മാർച്ച് | നിയമങ്ങൾ പാലിക്കപ്പെടേണ്ടതാണ് എന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ ഇതിലൂടെ സാധിക്കും | എസ് എസ് അധ്യാപകർ | | |
| 8. | സമകാലിക പരിജ്ഞാനം പൊതുബോധം | മാസാ മാസാന്ത്യങ്ങളിൽ ക്ലാസ് തല പത്രം ക്വിസ്സ് സ്കൂൾതല പത്രം ക്വിസ്സ് എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്താനുള്ള അവസരം | ജൂൺ മുതൽ മാർച്ച് | വിജ്ഞാനം വർദ്ധിപ്പിക്കാനും പുതിയ കാര്യങ്ങൾ കണ്ടെത്തി എഴുതാനുമുള്ള ശേഷി | | | |

# UP ENGLISH

Programme : Exposure to English Language
AIM : To promote and execute activities that help develop reading skills and exposure to English language

| OBJECTIVE | ACTIVITY | PROCESS | CHARGE | TIME | CLASS |
|---|---|---|---|---|---|
| Environment of vocabulary to be enriched by new vocabulary (among learner's based on their needs) | PRETEST<br>- Collection of new words<br>- My word dictionary (glossary)<br>- A word a day<br>- arranges English newspaper<br>- Unit wise activities (Word wells, naming words describing words action words synonyms slogans, glossary, posters | - Conducting pretest (execution evaluation)<br>- Planning activities<br>- Giving guidelines to listed towards meanings usage of dictionary glossary etc (teachers arranges newspaper for students)<br>- Make use of unitwise activities which enriched vocabulary) | English teacher<br>student council<br>class leader<br>English teacher<br>individual works | June<br>July/ july<br>continuing process<br>one each week<br>end of each unit | 5,6,7 |
| To be exposed to the usage of language communicating in English opportunities to listen language | - English assembly<br>- English club programs<br>- Audio videos of public speaking interviews<br>- Unit wise activities role plays...... | - Ensure opportunities children to expose they are...... for classes conduct assembly<br>- Ensure club activities are Rangers competitions On special occasions essay speeches posters<br>- Opportunities for listening to empower communication<br>- Unit wise activities | English teacher<br>class teacher<br>class teacher<br>subject Council<br>club members<br>English teacher | Monthly<br>special days, occasion<br>counselling process | 5,6,7 |

| OBJECTIVE | ACTIVITY | PROCESS | CHARGE | TIME | CLASS |
|---|---|---|---|---|---|
| To develop reading and writing skills | - Story Time selling English corner/ English Books, English Story Card, News Paper reading) | - Collect English books journals story card etc enhance reading<br>- Ensure English news reading | Subject Council English teacher group leader | 1 Year continue Process | |
| To develop Writing skill | - A unit as simple story<br>- Unit wise activities (diary writing, letter writing, description, memories, story writing etc | - arranges etxra activities along with the textbook activities (unit wise activities) | Individual<br>English teacher | each unit<br>continue program | 5, 6, 7 |

# U.P മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | യുപിതലത്തിൽ എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പിക്കൽ | പഠന പിന്നോക്ക പരിഹാരബോധന ക്ലാസ് | ജൂലൈ മുതൽ ഫെബ്രുവരി വരെ | മുഴുവൻ അധ്യാപകരും | പിടിഎ | |
| 2. | സർഗ്ഗശേഷി പരിപോഷിപ്പിക്കൽ | സർഗാത്മക അഭിരുചിയുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. വായന വാരാചരണത്തോടനുബന്ധിച്ച് രചന മത്സരങ്ങളിൽ പങ്കെടുത്തവർക്ക് കവിത കഥ ശില്പശാലകൾ സംഘടിപ്പിക്കുന്നു. മാഗസിൻ നിർമ്മാണം. | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജനുവരി | മലയാളം അധ്യാപകർ വിദ്യാരംഗം ക്ലബ്ബ് | | |
| 3. | കവി പരിചയം | കുട്ടികൾ കവികളെ പറ്റി വിവരങ്ങൾ ശേഖരിക്കുന്നു ഐസിടി ഉപയോഗപ്പെടുത്തി കൂടുതൽ വിവരങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുന്നു അഭിമുഖം പ്രാദേശിക എഴുത്തുകാരുമായി സംവദിക്കാൻ അവസരം നൽകുന്നു. | സെപ്റ്റംബർ മുതൽ ജനുവരി | വിദ്യാരംഗം ക്ലബ്ബ് മലയാളം അധ്യാപകർ | പിടിഎ | |
| 4. | മുന്നാക്കർക്കുള്ള പ്രത്യേക പരിഗണന | പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികളെ തിരഞ്ഞെടുക്കുന്നു വിവിധ മേഖല (സ്പോർട്സ് സാഹിത്യം സയൻസ് സമകാലിക വിഷയങ്ങൾ) കളെപ്പറ്റി ക്ലാസ് നൽകുന്നു.<br>APACE | ആഗസ്റ്റ് മുതൽ ഫെബ്രുവരി | | | |

# സംസ്കൃതം

## എല്ലാകുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പാക്കൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | മേഖല |
|---|---|---|---|
| 1. | അക്ഷരകാർഡ്, പദകാർഡ് എന്നിവയുടെ നിർമ്മാണം അക്ഷരകേളി വാക്യകേളി തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഭാഷാ താൽപര്യം വർദ്ധിപ്പിക്കൽ | ജൂൺ മാസം | വായന |
| 2. | രാമായണമാസത്തിൽ എല്ലാ ദിവസവും രാമായണ കഥാഭാഗങ്ങൾ കുട്ടികൾക്ക് നൽകാൻ ഏകദിനം ഏകം വാക്യം ഓരോ ദിവസവും ഓരോ പുതിയ വാക്ക് പരിചയപ്പെടാൻ ഡിജിറ്റൽ പ്രശ്നോത്തരി | ജൂലൈ മാസം | ശ്രവണം വായന |
| 3. | സംസ്കൃത ദിനത്തിൽ സംസ്കൃതം അസംബ്ലി പ്രശ്നോത്തരി കവിതാലാപനം സംസ്കൃത പുരാണകഥകൾ പരിചയപ്പെടൽ മാതൃപഞ്ചകം പരിപാടി സ്കൂളിൽ അവതരിപ്പിക്കൽ രക്ഷിതാക്കളെയും ഉൾപ്പെടുത്തി | ആഗസ്റ്റ് മാസം | ശ്രവണം വായന |
| 4. | സംസ്കൃത സിനിമ പ്രദർശനം ഡോക്യുമെന്ററി പ്രദർശനം | സെപ്റ്റംബർ മാസം | സംഭാഷണം |
| 5. | മമ സുന്ദരം ഭവനം വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം | ഒക്ടോബർ മാസം | ലേഖനം |
| 6. | നിഘണ്ടു നിർമ്മാണം<br>വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ പരിചയപ്പെട്ട പദങ്ങൾ ഉപയോഗിച്ച് നിഘണ്ടു നിർമ്മാണം | നവംബർ | ലേഖനം |
| 7. | സംഭാഷണ ശിബിരം സംഭാഷണശേഷി വർദ്ധിപ്പിക്കാനായി സംസ്കൃത സംഭാഷണ സംഘടിപ്പിക്കൽ ഭാഷയിൽ പ്രാവീണ്യരായ ആളുകളെ ഉപയോഗിച്ച് വിവിധ ക്ലാസ്സുകൾ | ഡിസംബർ | സംഭാഷണം രചന |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | മേഖല |
|---|---|---|---|
| 8. | സർഗാത്മകശേഷി വർദ്ധിപ്പിക്കാനായുള്ള പ്രവർത്തനങ്ങൾ കഥകൾ കവിതകൾ ലേഖനങ്ങൾ പരിചയപ്പെടുത്താൻ ശില്പശാല സംഘടിപ്പിക്കാൻ കഥാരചന കവിതാരചന | ഡിസംബർ | സംഭാഷണം രചന |
| 9. | സംസ്കൃതം മാസിക വിവിധ ഘട്ടങ്ങളിലൂടെ കുട്ടികൾ സ്വായത്തമാക്കിയ അറിവുകൾ ഉപയോഗിച്ച് കഥ കവിത പ്രബന്ധരചന സംസ്കൃതം ടൈപ്പിംഗ് പരിചയപ്പെടൽ | ഫെബ്രുവരി മാർച്ച് | ലേഖനം |

# ഉറുദു

## വിദ്യാർത്ഥികളിൽ വായന എഴുത്ത് എന്നീ ശേഷികൾ പരിപോഷിപ്പിക്കൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ഫലം |
|---|---|---|---|
| 1. | "എക്ദിൻ എക് ലഫ്സ്" <br> അധ്യാപകൻ ഒരു ദിവസം ഒരു പദം കുട്ടികളെ പരിചയപ്പെടുത്തുന്നു കുട്ടികൾ പ്രസ്തുത പദം വീട്ടിൽ നിന്നും വായിക്കുകയും എഴുതുകയും ചെയ്യുന്നു. (തുടർച്ചയായ 21 ദിനങ്ങൾ) | 3 മാസം <br> ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 2. | 'എക് ദിൻ എക് ജുംല" <br> നേരത്തെ പരിചയപ്പെട്ട പദങ്ങൾ ഉപയോഗിച്ച് അധ്യാപകൻ തുടർച്ചയായ 21 ദിവസങ്ങളിൽ 21 ജുംല പരിചയപ്പെടുത്തുന്നു. കുട്ടികൾ പ്രസ്തുത ജുംല വീട്ടിൽ നിന്നും വായിക്കുകയും എഴുതുകയും ചെയ്യുന്നു. പ്രവർത്തനങ്ങൾ അധ്യാപകന് അയച്ചുകൊടുക്കുന്നു. | 3 മാസം <br> ജൂൺ, ജൂലൈ, ഓഗസ്റ്റ് | |
| 3. | 'എക് ദിൻ എക് ബന്ദ്" <br> ഒന്ന് രണ്ട് ഘട്ടങ്ങളിൽ പരിചയപ്പെട്ട ലഫ്സുകളും ജുംലകളുമായി ബന്ധിക കൾ അധ്യാപകൻ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | | |
| 4. | വിവിധഘട്ടങ്ങളിൽ പരിചയപ്പെട്ട ലഫ്സുകൾ ജുംലകൾ ബന്ദുകൾ എന്നിവ അതാത് പ്രവർത്തനങ്ങളുടെ അവസാനത്തിൽ വിലയിരുത്തുന്നു. (വായനാ മത്സരം, കയ്യെഴുത്ത് മത്സരം തുടങ്ങിയവ) കൂടാതെ ഒരു പതിപ്പ് തയ്യാറാക്കുന്നു. | | |

# ഉറുദു ഡിജിറ്റൽ മാഗസിൻ

ഉറുദു ഭാഷയിലെ വ്യവഹാര രൂപങ്ങൾ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള ശേഷി നേടൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | മേഖല |
|---|---|---|---|
| 1. | വിവിധ വ്യവഹാര രൂപങ്ങൾ പരിശീലിപ്പിക്കുന്നു. | 3 മാസം | |
| 2. | സർഗാത്മകശേഷി പരിപോഷിപ്പിക്കാൻ വിവിധ മത്സര പരിപാടികൾ സംഘടിപ്പിക്കുന്നു ഉദാഹരണം കവിത രചന, കഥാ രചന | 3 മാസം | |
| 3. | സാങ്കേതിക വിദ്യാ പരിശീലനം ഉണ്ടു, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഉപയോഗിച്ച് ഡിജിറ്റൽ പോസ്റ്റർ, മാഗസിൻ എന്നിവ തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു<br>ഉറുദു ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു | | |
| 4. | സാങ്കേതിക വിദ്യാ പരിശീലനം ഉണ്ടു, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഉപയോഗിച്ച് ഡിജിറ്റൽ പോസ്റ്റർ, മാഗസിൻ എന്നിവ തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു<br>ഉറുദു ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു | | |
| 5. | ഫെബ്രുവരി 15 ഉറുദു ദിനത്തിൽ മാഗസിൻ പ്രദർശിപ്പിക്കുന്നു. | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (എച്ച് എസ് വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | ജൂൺ മുതൽ ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT (ആവശ്യമെങ്കിൽ)<br>Resource Teachers |
| 2. | വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA,<br>BRC<br>Resource Teachers |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മ രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം<br>(സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ<br>(പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ | നവംബർ മുതൽ ഫെബ്രുവരി | പാഠപുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | • ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കാൻ<br>• ചിത്രം അടിക്കുറിപ്പ്<br>• ചിത്രം കഥ പറയാൻ<br>• ചിത്രം കഥയെഴുതാൻ<br>• കഥ ബാക്കി എഴുതാൻ<br>• വായനാമൂല<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | | | |